# മലയാളിയും മദ്യപാനവും - വ്യാജചികിത്സകൾ

ഡോ. പി.എൻ. സുരേഷ്കുമാർ
ഡയറക്ടർ,
ചേതന - സെന്റർ ഫോർ ന്യൂറോ സൈക്യാട്രി, കോഴിക്കോട്

**അ**തിസങ്കീർണമായ ഒരു രോഗമാണ് അമിത മദ്യാസക്തി. വികസിത രാജ്യങ്ങളിൽ പോലും നൂറ് ശതമാനം ഗാരന്റി തരുന്ന ഒരു ചികിത്സാരീതി ഈ രോഗത്തിലില്ലെന്നിരിക്കെ വികസ്വരരാജ്യമായ ഇന്ത്യയിൽ നിരവധി മേഖലയിൽ നൂറല്ല, ഇരുനൂറ് ശതമാനം ഗാരന്റി തരുന്ന ചികിത്സാരീതികൾ നിരവധി പത്രങ്ങളിലും മാസികകളിലും കാണാൻ കഴിയുന്നുണ്ടെന്നുള്ളതാണ് വിരോധാഭാസം.

**മന്ത്രവാദം**

രോഗി അറിഞ്ഞോ അറിയാതെയോ ആയിരിക്കും ഇത്തരം ചികിത്സ നടത്തുന്നത്. എല്ലാ മതവിഭാഗങ്ങളിൽ പെട്ടവരും പണിക്കരും, പൂജാരിയും, പുരോഹിതരും, മുല്ലാക്കയും, ഉസ്താദും അമാനുഷിക കഴിവുണ്ടെന്ന് പുറത്ത് തെറ്റിധരിപ്പിക്കുന്നവരും ഈ ചികിത്സയിൽ വൈദഗ്ധ്യം ലഭിച്ചവരാണ്. ചാത്തൻ സേവ, മന്ത്രച്ചരട്, ഏലസ്, ഉറുക്ക്, കരിസ്മാറ്റിക് ചികിത്സ എന്നിങ്ങനെ നിരവധി പേരുകളിൽ, രൂപങ്ങളിൽ ഇത്തരം ചികിത്സ ലഭ്യമാണ്. ഇത്തരം ചികിത്സക്ക് വേണ്ടി എത്ര പണം വേണമെങ്കിലും മുടക്കാൻ തയ്യാറാണ് എന്നതാണ് സാക്ഷര കേരളത്തിന്റെ പ്രത്യേകത. ഇവരിൽ ചിലർ എങ്കിലും ഡൈഡൾഫിറാം, എമറ്റിൽ ഹൈഡ്രോക്ലോറൈഡ്, കാഞ്ഞിരക്കുരു തുടങ്ങിയ  അതിഗുരുതര പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്ന മരുന്നുകളാണ് പൊടിച്ച് പൊതിയിലാക്കി രോഗിയറിയാതെ ഭഷണത്തിൽകൂടി കൊടുക്കാൻ കുടുംബാംഗങ്ങളോട് നിർദ്ദേശിക്കുന്നത്.

**ധ്യാനചികിത്സ**

മദ്യപാനിയെ ഒരു മാസമോ അതിൽ കൂടുതലോ ഏതെങ്കിലും ഒരു ധ്യാനകേന്ദ്രത്തിന്റെ നാലു ചുമരുകൾക്കുള്ളിൽ പുറംലോകം കാണാതെ കിടത്തി ദൈവഭക്തി അടിച്ചേൽപ്പിക്കുന്നതാണ് ഈ ചികിത്സ. ധ്യാനകേന്ദ്രത്തിലെ കർശന രീതികളും, സൈക്കഡെലിക് അന്തരീഷവും മദ്യം ലഭിക്കാനുള്ള സാധ്യതയില്ലായ്മയും ആ കേന്ദ്രത്തിൽ നിൽക്കുന്നിടത്തോളം മദ്യം കഴിക്കാതിരിക്കാൻ രോഗിയെ സഹായിക്കുന്നു. കേന്ദ്രത്തിൽനിന്ന് പുറത്തിറങ്ങിയാൽ ഉടൻതന്നെ അടിക്കാനുള്ള സാധ്യത ഏറെയുണ്ടുതാനും. ഒട്ടുമിക്ക ധ്യാനകേന്ദ്രത്തിന് അടുത്തായി ഒരു മദ്യശാലയും ഉണ്ടാകും എന്നതാണ് മറ്റൊരു പ്രത്യേകത. ധ്യാനം മാനസിക സംഘർഷങ്ങൾ ലഘൂകരിക്കാനുള്ള ഒരുപാധിയല്ലാതെ ഒരു ധ്യാനചികിത്സക്കും മനുഷ്യന്റെ മദ്യാസക്തി ജീവിതകാലം മുഴുവൻ തുടച്ചുകളയാൻ സാധിക്കുകയില്ല എന്ന് സാക്ഷരകേരളം മനസ്സിലാക്കുന്നത് നന്നായിരിക്കും.

**മതപരിശീലനം**

മതപ്രബോധകർക്ക് ഒപ്പം കൂടി രണ്ടോ മൂന്നോ മാസം താമസിച്ചാൽ മദ്യപാനം നിന്നുകിട്ടും എന്ന് വിശ്വസിച്ച് ഇവരുടെകൂടെ പറഞ്ഞുവിടുന്നവരും നമ്മുടെ നാട്ടിലുണ്ട്. മദ്യത്തോടുള്ള അമിതപ്രതിപത്തിക്ക് പകരം മറ്റൊരു പ്രതിപത്തിയിലേക്ക് വ്യക്തി മാറുന്നു എന്നതൊഴിച്ചാൽ ഈയൊരു മാറ്റംകൊണ്ട് ഒരിക്കലും രോഗിയുടെ അന്തർലീനമായ മദ്യാസക്തി മാറ്റിയെടുക്കാൻ കഴിയുകയില്ല. വ്യവഹാരപരമായി ബദൽ രീതി പിന്തുടരുന്ന ഈ സംഘക്കാർക്ക് കൂടെ കഴിയുന്ന സമയമത്രയും മദ്യം കഴിക്കുന്നില്ലെന്ന് മാത്രം.

**കാന്തചികിത്സ, വാട്ടർ തെറാപ്പി, അക്യുപങ്ചർ, ആദിവാസി ചികിത്സ, ഒറ്റമൂലി**

അടിസ്ഥാനപരമായി യാതൊരു ശാസ്ത്രീയ പിൻബലവുമില്ലാത്ത ഇത്തരം ചികിത്സാരീതികൾ യാതൊരുവിധ ലൈസൻസും ഉള്ളവരല്ല നടത്തുന്നത്. അല്പസമയത്തേക്ക് ചിലരെ തൃപ്തിപ്പെടുത്താൻ കഴിഞ്ഞേക്കും എന്നതിലുപരി ഒരു ദീർഘകാല ഗുണവും ഇത്തരം ചികിത്സയിൽ നിന്നും പ്രതീക്ഷിക്കാനാകില്ല.

**ഹിപ്നോട്ടിസം**

മനസ്സിൽ ഒളിപ്പിച്ച കാര്യങ്ങളെ ഹിപ്നോട്ടിക് വിദ്യയിലൂടെ പുറത്തുകൊണ്ടവന്ന് വ്യക്തിയുടെ മദ്യപാനം നിർത്തും എന്നാണ് ഇക്കൂട്ടർ അവകാശപ്പെടുന്നത്. നിർഭാഗ്യമെന്ന് പറയട്ടെ, മനഃശാസ്ത്ര രംഗത്തോ, കുറ്റാന്വേഷണരംഗത്തോ ഹിപ്നോട്ടിക് വിദ്യയെ ഒരു ശാസ്ത്രീയരീതിയായി ആരും അംഗീകരിച്ചിട്ടില്ലെന്നുള്ളതാണ് സത്യം. കേരളത്തിൽ ഇത്തരത്തിലുള്ള ധാരാളം ഹിപ്നോട്ടിക് വിദഗ്ധർ മദ്യവിമുക്തി ചികിത്സ നടത്തിക്കൊണ്ടിക്കുന്നുണ്ട് എന്നുള്ളതാണ് വിരോധാഭാസം.

**ഛർദ്ദി ചികിത്സ**

രോഗിക്ക് മദ്യം നല്കി കൂട്ടത്തിൽ ഛർദ്ദിക്കാനുള്ള പേരു പറയാത്ത എന്തെങ്കിലും മരുന്ന് നൽകി കലശലായ ഛർദ്ദി ഉണ്ടാക്കി പേടി സൃഷ്ടിക്കുക എന്നതാണ് ഇത്തരം ചികിത്സാരീതി. മറ്റെന്തെങ്കിലും രോഗത്തിനുള്ള മരുന്ന് ഛർദ്ദിക്കാനായി കൊടുക്കുമ്പോൾ അത് മറ്റ് പല രോഗങ്ങൾക്കും കാരണമായി തീരാം. കേവലം ഛർദ്ദിൽ മാത്രം ഉണ്ടാക്കിയതുകൊണ്ട് രോഗിയുടെ മദ്യത്തോടുള്ള ആസക്തി മാറ്റിയെടുക്കാൻ കഴിയില്ല എന്നത് ഇത്തരം ചികിത്സക്ക് പോകുന്നവർ മനസ്സിലാക്കുന്നത് നല്ലതാണ്.

വ്യാജചികിത്സകർ വിജയിക്കുന്നത് രോഗിയുടെ മദ്യാസക്തി നിർത്തുന്നതിലല്ല, മറിച്ച് രോഗിയുടെയും ബന്ധുക്കളുടെയും ഒരു വലിയ സംഖ്യ തട്ടിച്ചെടുക്കുന്നതിൽ അവർ പൂർണ്ണ വിജയം നേടുന്നു. ബന്ധുക്കൾ വലിയ പ്രതീക്ഷവച്ച് ഇവരെ സമീപിക്കുമ്പോൾ ചോദിച്ച പണം ഇവർ നല്കുമെന്ന് വ്യാജൻമാർക്കറിയാം. എന്നാൽ തട്ടിപ്പിനരയായ പലരും മൗനം പാലിക്കലാണ് പതിവ്. നാട്ടുകാറിഞ്ഞാൽ മോശമാവില്ലേ എന്ന ചിന്തകൊണ്ട് ചിലർ മൗനം പാലിക്കുന്നു. മറ്റൊന്ന് എന്തായാലും കുടിക്കാനായി ഇയാൾ ഇത്രയും പണം മുടക്കിയില്ലേ ഇനി ഇങ്ങനെയൊരു ചികിത്സക്കായി കുറച്ച് പണം പോയാലും സാരമില്ല എന്നവർ ചിന്തിക്കുന്നു എന്നും തട്ടിപ്പുകാർക്ക് ഇക്കാര്യം നന്നായി അറിയാമെന്നതുകൊണ്ടും നമ്മുടെ പോലീസുകാരൊന്നും ഇവരെ പിടികൂടില്ല എന്നുള്ളതുകൊണ്ടും ഇത്തരം വ്യാജചികിത്സക്കാർ നമ്മുടെ നാട്ടിൽ ഇഷ്ടംപോലെ വിഹരിക്കുന്നു എന്നതാണ് ഒരു ദുഃഖസത്യം.

***